LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, പൊൻമുടി-മെർക്കിൻസ്റ്റൺ-ബോണക്കാട് തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾ സമരത്തിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. പൊൻമുടി തോട്ടം പൂട്ടിയിട്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് പണിയില്ല. മെർക്കിൻസ്റ്റൺ എസ്റ്റേറ്റിലാണെങ്കിൽ ഇന്നലെ പത്രത്തിൽ കണ്ടതാണ്, തൊഴിലാളി ഇറങ്ങി തേയിലകിളന്ത് നശിപ്പിക്കുന്നത്. ബോണക്കാട് എസ്റ്റേറ്റിൽ പണി കൊടുക്കുന്നില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുക്കാൻ പോകുന്നത്?

ശ്രീ. ഷിബു ബേബി ജോൺ : സർ, ഇത്തരം പത്രവാർത്തകൾ ഞാനും ശ്രദ്ധിച്ചു. തുടർന്ന് ലേബർ കമ്മീഷണറേറ്റിൽ ഡയറക്ഷൻ കൊടുത്തിരിക്കുകയാണ്. ബോണക്കാട്ടിൽ വളരെ നിഷേധാത്മകമായ നിലപാട് മാനേജ്മെന്റ് കൈക്കൊണ്ടിരിക്കുകയാണ്. മാനേജ്മെന്റിനെതിരായ പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ടുപോകാനുള്ള സ്റ്റെപ്സ് ലേബർ കമ്മീഷണറേറ്റിൽനിന്നും ആരംഭിച്ചുകഴിഞ്ഞു. അതിന്റെ എല്ലാ ഡയറക്ടർമാർക്കുമെതിരെ പ്രോസിക്യൂഷൻ നടപടിയുമായി മുന്നോട്ടുപോവുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് മുന്നോട്ട പോകുന്നത്. മറ്റ് രണ്ട് എസ്റ്റേറ്റുകളുടെയും കാര്യം പരിശോധിച്ച് മറുപടി പറയുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *783

കേരള ടൂറിസം പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ്

3 (*783) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ടൂറിസം പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ,

(എ-ഡി) ഇല്ല, എന്നാൽ 2012-13-ലെ വാർഷിക പദ്ധതിയിൽ അന്തർ ദേശീയതലത്തിൽ വിനോദസഞ്ചാര വിപണനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗവൺമെന്റും സ്വകാര്യമേഖലയും സംയുക്തമായി പി.പി.പി. മാതൃകയിൽ ഒരു കൂട്ടായ സംരംഭം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വിഭാവന ചെയ്തിരുന്നു.

ഈ സംരംഭത്തിൽ 26 ശതമാനം സർക്കാർ വിഹിതമായും 74 ശതമാനം സ്വകാര്യമേഖലയുടെ വിഹിതമായും സ്വരൂപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. കേരളത്തെ ഒരു ആഗോള ടൂറിസം ബ്രാൻഡായി മാറ്റിയെടുക്കുന്നതിനായി വൈവിധ്യമാർന്ന ടൂറിസം വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക യായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. എന്നാൽ പദ്ധതിയുമായി സഹകരിച്ച പ്രവർത്തിക്കുന്നതിന് അനുയോജ്യരായ സ്വകാര്യ പങ്കാളികൾ സന്നദ്ധരാകാത്ത സാഹചര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഉദ്ദേശിച്ചിരുന്നതുപോലെ പ്രാവർ ത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

എങ്കിലും 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഇതിനായി കേരള ടൂറിസം പ്രൊമോഷൻ & മാർക്കറ്റിംഗ് മെക്കാനിസം എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന ഫണ്ട് ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും നടത്തുന്ന ടൂറിസം മാർക്കറ്റിംഗിനും പ്രചാരണ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്.

ടൂറിസം മേഖലയിലെ പ്രമുഖ സംരംഭകരും ഉന്നത ഉദ്യോസ്ഥരുമടങ്ങുന്ന ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്താണ് ടൂറിസം വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന പ്രധാനപ്പെട്ട ടൂറിസം മേളകളിലും മികച്ച സംരംഭകരുടെകൂടി പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനാൽ സർക്കാർ സ്വകാര്യ പങ്കാളിത്തം എന്ന ആശയം ഒരു പരിധിവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ടൂറിസത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. മുൻ കാലത്തെപ്പോലെ ടൂർ ഓപ്പറേറ്റർമാരും ഹോട്ടലുകളും മാത്രം ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സാഹചര്യം മാറി നിശ്ചയദാർഢ്യമുള്ള, ആശയമുള്ള, സംരംഭകത്വശേഷിയുള്ള ചെറുപ്പക്കാർ ഇന്ന് ഈ മേഖലയിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അത്തരം പ്രവർത്തന വിജയങ്ങളുടെ ഉദാഹരണങ്ങളും നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ട് ഇത്തരം ടൂറിസം കേന്ദ്രങ്ങളിൽ മാത്രം വിനോദ സഞ്ചാരികൾ എത്തുന്നതിനുപകരം അവരെ ഗ്രാമീണ മേഖലയിലേയ്ക്ക് കൊണ്ടുവരണം. കേരളത്തിൽ എവിടെയും സൗന്ദര്യമുള്ള സ്ഥലമാണ്. അതുകൊണ്ട് കേരളത്തിന്റെ സൗന്ദര്യം പൂർണ്ണമായി ആസ്വദിക്കാൻവേണ്ടി അങ്ങനെ തയ്യാറാകുന്ന ചെറുപ്പക്കാർക്കും സംരംഭകർക്കും പിന്തുണകൊടുക്കാൻ ഉദ്ദേശിക്കുന്ന എന്തെങ്കിലും പദ്ധതി സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ഇവിടെ ഉന്നയിച്ചത്. കേരള ടൂറിസം ഒരു ടൂറിസം ഇൻഡസ്ട്രിയായി പ്രഖ്യാപിച്ച് കാൽ നൂറ്റാണ്ട് പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ടൂറിസത്തെ സംബന്ധിച്ചിടത്തോളം ടൂറിസത്തിന് അനന്ത സാദ്ധ്യതകളുണ്ട്. കാർഷിക മേഖല, വ്യവസായ മേഖല എന്നതുപോലെതന്നെ ടൂറിസം മേഖല ഇന്ന് വളരെയേറെ സാദ്ധ്യതകളുള്ളതാണ്. ആ സാദ്ധ്യതകളിലേയ്ക്ക് നമ്മുടെ ചെറുപ്പക്കാരെ കൊണ്ടുവരിക, പുതിയ സംരംഭകരെ കൊണ്ടുവരിക എന്നുള്ളതുതന്നെയാണ് സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. ഈ ഗവൺമെന്റ് മിഷൻ 676-ൽ 'God's own country, People's own tourism' എന്നുപറയുന്ന പദ്ധതിയിലൂടെ കേരളത്തിന്റെ വിവിധ ഗ്രാമങ്ങളിൽ വിവിധ മേഖലകളിലുള്ള യുവ സംരംഭകർ ക്കുൾപ്പെടെ ടൂറിസത്തിന്റെ ഭാഗമാകുവാനും ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനുമുള്ള പദ്ധതികൾ കൊണ്ടുവരികയാണ് ലക്ഷ്യമാക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ നമുക്ക് പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മാത്രമല്ല, കേരളത്തിലെ ഓരോ ഗ്രാമവും ഇന്ന് വിദേശികളെയും വിനോദസഞ്ചാരികളെയും സംബന്ധിച്ചിടത്തോളം കാണുവാനും ആസ്വദിക്കുവാനും കഴിയുന്ന ഒരുപാട് കാര്യങ്ങളുള്ളതാണ്. ഓരോ പ്രദേശവും ടൂറിസത്തിന്റെ ഭാഗമാക്കിമാറ്റുവാൻ യുവസംരംഭകരെ ഇതിലേയ്ക്ക് ആകർഷിക്കു വാനുള്ള നടപടികൾ ഗവൺമെന്റ് ആവിഷ്കരിച്ച് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, കേരളത്തിലേയ്ക്ക് ആദ്യം വിദേശികൾ എത്തിച്ചേർന്നത് കച്ചവട ആവശ്യങ്ങൾക്കുവേണ്ടിയായിരുന്നു. അങ്ങനെ ഏകദേശം മുപ്പത്തിരണ്ടോളം രാജ്യങ്ങളിൽനിന്നും ഈ ആവശ്യത്തിനായി കേരളത്തിലെത്തിയ വരാണ് നമ്മുടെ നാടിന്റെ പ്രശസ്തിയും പ്രാധാന്യവും ലോകശ്രദ്ധയിൽ എത്തിച്ചതെന്ന് ചരിത്രത്തിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആ രാജ്യങ്ങളെയെല്ലാം കോർത്തിണക്കിക്കൊണ്ടുള്ള, അവരുടെ പൂർവ്വികർ എത്തിയ കാലത്തെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ള ചരിത്രംകൂടി ഉൾക്കൊള്ളുന്ന ഏതെങ്കിലും ടൂറിസം പദ്ധതി ഈ സർക്കാർ വിഭാവന ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ : സർ, ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള സഞ്ചാരികൾ കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ കേരളത്തിലേയ്ക്ക് ഇന്നത്തേക്കാൾ കൂടുതലായി വിദേശ സഞ്ചാരികൾ വന്ന സാഹചര്യമുണ്ടായിരുന്നു. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്ന്, ഏതാണ്ട് മുപ്പത്തിരണ്ടോളം രാജ്യങ്ങളിൽ നിന്നുള്ളവർ കേരളത്തിലെ സുഗന്ധ ദ്രവ്യങ്ങൾ തേടിയും വ്യാപാര ആവശ്യങ്ങൾക്കുമായി ഇവിടേയ്ക്കുവന്ന സാഹചര്യമുണ്ടായിരുന്നു. അതിന്റെ ഒരു പുനരാവിഷ്കാരമെന്നുള്ള രീതിയിലാണ് നമ്മൾ സ്പൈസ് റൂട്ട് പ്രോജക്ട് ആവിഷ്കരിക്കുന്നത്. നൂറ്റാണ്ടുകൾക്കുമുമ്പ് സഞ്ചാരികൾ കേരളത്തിലേയ്ക്ക് വന്ന് വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട്, ആ രാജ്യങ്ങളെക്കൂടി ഉൾപ്പെടുത്തി ഫോർട്ട് കൊച്ചി, മുസിരിസ്, തലശ്ശേരി തുടങ്ങിയ, പഴയകാലങ്ങളിൽ വിദേശികൾ വന്നിരുന്ന കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള സ്പൈസ് റൂട്ട് പ്രോജക്ടിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. യുനെസ്കോയുമായി ബന്ധപ്പെട്ട് ഇതിനുള്ള ധാരണയായിട്ടുണ്ട്. യുനെസ്കോ ഇതുമായി സഹകരിക്കാമെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഉടൻതന്നെ ഇതുമായി ബന്ധപ്പെട്ട് അവരുമായി എഗ്രിമെന്റ് വച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, ടൂറിസം വകുപ്പിലെ പ്രധാനപ്പെട്ട പല തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതിനാലും പ്രൊഫഷണലിസവും കഴിവുമുള്ള ഉദ്യോഗസ്ഥർ ഇല്ലാത്തതിനാലും ടൂറിസം മാർക്കറ്റ് രംഗത്ത് പാളിച്ചകൾ സംഭവിക്കുന്നതായി പത്രവാർത്തകളുണ്ടായിരുന്നു. ഉദാഹരണത്തിന്, ഹിന്ദു പത്രത്തിൽ, 'കേരള ടൂറിസം ലൂസിംഗ് പ്രൊഫഷണൽ എഡ്ജ്' എന്നുപറഞ്ഞുള്ള വാർത്തയുണ്ടായിരുന്നു. അതുമാത്രവുമല്ല, ഐ.എ.എസ്.-കാരുടെ തസ്തികയാണ് അഡീഷണൽ ഡയറക്ടർ. അത് കുറെ നാളുകളായി ഒഴിഞ്ഞുകിടക്കുകയാണെന്നും വാർത്തയുണ്ടായിരുന്നു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കേരള ടൂറിസം, അന്താരാഷ്ട്രതലത്തിൽ വേണ്ടത്ര പ്രോജക്ട് ചെയ്യപ്പെടുന്നില്ല എന്നുള്ള ആക്ഷേപങ്ങൾ ഇപ്പോൾ

പത്രങ്ങളിൽ വരുന്നുണ്ട്. അത് സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്; അന്താരാഷ്ട്ര തലത്തിൽ വളരെ സജീവമായി ബന്ധം പുലർത്തേണ്ട ടൂറിസം വകുപ്പിന്റെ ഉയർന്ന തസ്തികകൾ എത്രയും പെട്ടെന്ന് നികത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, ആഗോളതലത്തിൽത്തന്നെ ടൂറിസം മേഖലയ്ക്ക് തിരിച്ചടികളുണ്ട്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനിക്കാവുന്ന ഒരു കാര്യം, ടൂറിസത്തെ മാത്രം കേന്ദ്രമാക്കിയുള്ള രാജ്യങ്ങളിൽ പ്പോലും തിരിച്ചടികളുണ്ടാകുമ്പോൾ കേരളത്തിൽ ഓരോ വർഷവും വിദേശ സഞ്ചാരികളായാലും ആഭ്യന്തര വിനോദ സഞ്ചാരികളായാലും ടൂറിസ്റ്റ് അറൈവൽസ് കൂടിവരുന്നു എന്നുള്ളത് കേരള ടൂറിസത്തിന്റെ വളർച്ചയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. മാത്രമല്ല, അന്താരാഷ്ട്രതലത്തിലും ദേശീയതലത്തിലും വളരെ യധികം പുരസ്കാരങ്ങൾ നേടുവാൻ കേരള ടൂറിസത്തിന് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം പത്രവാർത്തയുടെ അടിസ്ഥാന ത്തിലാണ്. ടൂറിസം വകുപ്പിന്റെ പ്രധാനപ്പെട്ട ഒരു തസ്തികയും ഇന്ന് ഒഴിഞ്ഞു കിടക്കുന്നില്ല. ടൂറിസം സെക്രട്ടറിയും ടൂറിസം ഡയറക്ടറും ടൂറിസം അഡീഷണൽ ഡയറക്ടറുമുണ്ട്. അതിന്റെ പേരിൽ കേരള ടൂറിസത്തിന് എന്തെങ്കിലും തിരിച്ചടി യുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ശ്രീ. ലൂഡി ലൂയിസ്</u> : സർ, കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ 9 ഇന്റർനാഷണൽ എയർപോർട്ടുകളിൽ ഇ-വിസ സംവിധാനം ആരംഭിക്കുന്നതിനെ ക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇ-വിസ സംവിധാനം ആരംഭിച്ചുകഴിഞ്ഞാൽ അതുമൂലം ടൂറിസ്റ്റുകൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; അതുപോലെതന്നെ ഇ-വിസ സംവിധാനം നമ്മുടെ സംസ്ഥാനത്തെ എയർപോർട്ടിൽ ആരംഭിക്കുന്ന തിനുള്ള ശക്തമായ സമ്മർദ്ദം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, ഇ-വിസ സംവിധാനം പ്രഖ്യാപിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. അതിൽ 9 എയർപോർട്ടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആ 9 എയർപോർട്ടുകളിൽ കേരളത്തിലുള്ള രണ്ട് എയർപോർട്ടുകളായ നെടുമ്പാശ്ശേരിയും തിരുവനന്തപുരവും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ ഏതാണ്ട് ഇ-വിസ സംവിധാനം നമ്മൾ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. അതിന്റെ അടുത്ത ലെവൽ എന്നുള്ള നിലയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് അത് പ്രഖ്യാപിച്ചത്. കേരള ടൂറിസത്തെ സംബന്ധിച്ചിടത്തോളം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കാൽ നൂറ്റാണ്ടുകളായി നമ്മൾ ആഗ്രഹിച്ചിരുന്ന ഒരു കാര്യം വിസ ഓൺ അറൈവലായിരുന്നു. നമ്മൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് എറണാകുളത്തും തിരുവനന്തപുരത്തും വിസ ഓൺ അറൈവൽ സംവിധാനം ഏർപ്പെടുത്തിത്തന്നു. ഇതിൽ 11 രാജ്യങ്ങൾ ആദ്യഘട്ടമായി വന്നു. പിന്നീട് പന്ത്രണ്ടാമത്തെ രാജ്യമായി സൗത്ത് കൊറിയ കൂടി വന്നു. ഇ-വിസ സംവിധാനം നടപ്പാക്കുന്നതോടുകൂടി 180 രാജ്യങ്ങളിൽനിന്ന് വിസ ഓൺ അറൈവൽ സംവിധാനം കേരളത്തിലെ 2 എയർപോർട്ടുകൾക്ക് ലഭിക്കാൻ പോകുകയാണ്. കേരള ടൂറിസത്തെ സംബന്ധിച്ചിടത്തോളം ഇത് ടൂറിസത്തിന്റെ ഏറ്റവും വലിയ വളർച്ചയുള്ള ഒരു ഘടകമായി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. എളമരം കരീം</u>: സർ, അങ്ങ് സൂചിപ്പിച്ച സ്പൈസ് റൂട്ടുപോലെ വളരെ ചരിത്ര പ്രസിദ്ധമായതാണ് സിൽക്ക് റൂട്ട്. പുരാതനകാലത്ത് ചൈനയിൽ നിന്ന് ആരംഭിച്ച് കേരള കടൽത്തീരംവഴി ഗൾഫ് രാജ്യങ്ങളിലൂടെ യൂറോപ്പുമായി ബന്ധപ്പെട്ടിരുന്ന ഒരു വ്യാപാര ശൃംഖലയാണ് സിൽക്ക് റൂട്ട്. സാമൂതിരിയുടെ കാലത്ത്, കോഴിക്കോട് കടൽത്തീരത്തുനിന്ന് നാന്നൂറോളം കപ്പലുകൾവരെ വന്നുചേരാറുണ്ടായിരുന്നുവെന്നാണ് ചരിത്രത്തിൽ പറയുന്നത്. ഇതുസംബന്ധിച്ചുള്ള വലിയൊരു പ്രോജക്ട് കോഴിക്കോട്ടെ ചില ആളുകൾ തയ്യാറാക്കിയിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റ് അതിൽ ഇടപെട്ട് സ്പൈസ് റൂട്ടുപോലെ ഇതും ഏറ്റെടുക്കാൻ സന്നദ്ധമാകുമോ?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, യഥാർത്ഥത്തിൽ സ്പൈസ് റൂട്ടിന്റെ പ്രചോദനംതന്നെ സിൽക്ക് റൂട്ടാണ്. സിൽക്ക് റൂട്ടിന്റെ ഒരു രീതി ദേശീയ തലത്തിൽ ഇന്ന് നടന്നുവരുന്നുണ്ട്. സിൽക്ക് റൂട്ടിന്റെ രീതിയിൽത്തന്നെയാണ് സ്പൈസ് റൂട്ടും രൂപപ്പെടുത്തിയെടുക്കുന്നത്. അതുകൊണ്ട് തീർച്ചയായും അതുമായി ബന്ധപ്പെട്ട് സിൽക്ക് റൂട്ടിനെക്കൂടി കണക്ട് ചെയ്യാവുന്ന രീതിയിൽ എങ്ങനെ മുന്നോട്ടുകൊണ്ടു പോകാം എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, നമ്മുടെ ഏറ്റവും വലിയ വരുമാനരംഗം കൂടിയാണ് ടൂറിസം മേഖല. പക്ഷേ കേരളത്തിന്റെ ടൂറിസം മുഴുവൻ പ്രയോജന പ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് അങ്ങയെപ്പോലെയുള്ള ആളുകളുടെ പരിശ്രമഫലമായി ഒട്ടേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ടൂറിസം വികസനത്തിനുള്ള

പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ വേണ്ടത്ര മുന്നോട്ടുപോകാൻ നമുക്ക് സാധിച്ചിട്ടില്ല. ആ പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിനുള്ള സാമ്പത്തികം മുഴുവനായും സർക്കാർ തലത്തിൽ ചെലവഴിക്കാൻ നമുക്ക് കഴിയുന്നില്ല. ഈ രംഗത്ത് മറ്റ് ലോകരാഷ്ട്രങ്ങളിൽ എന്നതുപോലെ സ്വകാര്യ മേഖലയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നമ്മുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതുവഴി ടൂറിസത്തെ കൂടുതൽ പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ടൂറിസം മേഖലയുടെ സാദ്ധ്യത പലപ്പോഴും നമ്മൾ ചർച്ച ചെയ്യുന്ന ഒന്നാണ്. പക്ഷേ ആ ചർച്ചയ്ക്കനുസരിച്ച് ടൂറിസം ഡെസ്റ്റിനേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഫണ്ട് വളരെ പരിമിതമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾത്തന്നെ ഏതാണ്ട് 100 കോടി രൂപ മാത്രമാണുണ്ടായിരുന്നത്. കഴിഞ്ഞ വർഷം ഏതാണ്ട് 225 കോടി രൂപയോളമാണ് പ്ലാൻ ഫണ്ടിൽ ഉണ്ടായിരുന്നത്. അതിൽ ഒരു മാറ്റമുണ്ടായിട്ടുണ്ട്. അതിനനുസരിച്ചുള്ള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. പ്രൈവറ്റ് ഇൻഡസ്ട്രിയാണ് ടൂറിസം മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. പ്രൈവറ്റ് ഇൻഡസ്ട്രിയുടെ സപ്പോർട്ടാണ് ടൂറിസത്തിന്റെ വളർച്ചയിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്. പക്ഷേ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് പ്രൈവറ്റ് ഇൻഡസ്ട്രിയെ എങ്ങനെ നമുക്ക് സഹകരിപ്പിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും. മറ്റ് തലങ്ങളിലുള്ള എല്ലാ സഹകരണവും ഇന്ന് പ്രൈവറ്റ് ഇൻഡസ്ട്രിയുമായിട്ടുണ്ട്. ഈ കാര്യം കൂടി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. കെ. നാരായണൻ</u>: സർ, രാജ്യത്തിനകത്തും പുറത്തുമുള്ള ടൂറിസ്റ്റുകളെ ആകർഷിക്കാനായി നമ്മുടെ ടൂറിസം കേന്ദ്രങ്ങളെ ലോകത്തിന് പരിചയപ്പെടുത്താൻ കഴിയണം. അതിനാണ് ടൂറിസം ഭൂപടം. ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവിംഗ് ബീച്ചായ മുഴപ്പിലങ്ങാട് ദേശീയ-അന്തർദ്ദേശീയ ടൂറിസ്റ്റ് ഭൂപടത്തിൽ ഇല്ല. അതുകൊണ്ട് മുഴപ്പിലങ്ങാടിനെ ദേശീയ ഭൂപടത്തിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, ഇന്ന് മലബാർ മേഖല തന്നെ ആവർത്തിച്ചുപറഞ്ഞെങ്കിലും മുഴപ്പിലങ്ങാട്, ബേക്കൽ, വയനാട് തുടങ്ങിയ മേഖലകളിൽ ടൂറിസത്തിന്റെ സാദ്ധ്യത വളർന്നുവരുന്നതേയുള്ളൂ. ടൂറിസമെന്നു പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂരിനിപ്പുറമാണ് എന്നൊരു ധാരണയാണ് പൊതുവായിട്ടുള്ളത്. മലബാറിന് ഇന്ന് അനന്തമായ സാദ്ധ്യതകളുള്ളതുകൊണ്ട് അതിനുവേണ്ടി പ്രത്യേക കാമ്പയിനുമുണ്ട്. ബേക്കലിനുവേണ്ടിയുള്ള പ്രത്യേക കാമ്പയിനും വയനാടിനു വേണ്ടിയുള്ള പ്രത്യേക കാമ്പയിനും അതുപോലെതന്നെ കണ്ണൂരിനെയും മലബാറിലെ മറ്റ് പ്രദേശങ്ങളെയുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കാമ്പയിനും പ്രചരണ പ്രവർത്തനങ്ങളുമൊക്കെ നടക്കുന്നുണ്ട്. മുഴപ്പിലങ്ങാടും ഏറ്റവും നല്ല ഡ്രൈവിംഗ് ബീച്ച് എന്നുള്ള നിലയ്ക്ക് പ്രൊമോട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പാലോട് രവി</u> : സർ, ഏഴിമല നാവിക അക്കാദമിപോലെ സമുദ്ര നിരപ്പിൽനിന്ന് വളരെ ഉയരത്തിലുള്ള പ്രകൃതിരമണീയമായ, ടൂറിസ്റ്റ് കേന്ദ്രമായ വെള്ളാണിക്കൽ പാറമുകളിൽ അങ്ങ് ഉദ്യോഗസ്ഥൻമാരുമായി സന്ദർശിക്കുകയുണ്ടായി. അതിന്റെ പ്രോജക്ട് റിപ്പോർട്ട് കൊടുക്കാൻ പറഞ്ഞു. ആ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. മാത്രമല്ല, ഇവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് എല്ലാ സഹായവും ചെയ്തുകൊടുക്കാൻ ശാന്തിഗിരിക്കടുത്ത് ഒന്നരക്കോടി രൂപ ചെലവിൽ "Take a break" എന്ന പദ്ധതിയുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് റിപ്പോർട്ട് അങ്ങേയ്ക്ക് കിട്ടിയിട്ടുണ്ടോ; അതിന്റെ ആദ്യഘട്ടമെന്നുള്ള നിലയിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ശാന്തിഗിരിയിൽ ഒന്നരക്കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന "Take a break" എന്ന പദ്ധതിയുടെ 90 ശതമാനം പൂർത്തീകരിച്ച് കഴിഞ്ഞു. വെള്ളാണിക്കൽപ്പാറയെന്ന സ്ഥലത്ത് അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പോയിരുന്നു. വളരെ മനോഹരമായ സ്ഥലമാണ്. അതുകൊണ്ടുതന്നെ ഡി.ടി.പി.സി.-ക്ക് ഒരു പ്രോജക്ടുണ്ടാക്കാൻ നിർദ്ദേശം നൽകി. ആ പ്രോജക്ട് ഗവൺമെന്റിന് ലഭിച്ചുകഴിഞ്ഞു. അടുത്തുതന്നെ അതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. 51 ലക്ഷം രൂപയുടെ പ്രോജക്ടാണ് കൊടുത്തിട്ടുള്ളത്. ഉടൻതന്നെ അതിന് ഫണ്ട് അനുവദിക്കുന്നതാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, സ്പൈസ് ടൂറിസവും എക്കോ ടൂറിസവും അഡ്വഞ്ചർ ടൂറിസവുമെല്ലാംതന്നെ ഉൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്ന കാലടി-മലയാറ്റൂർ പിൽഗ്രിം സെന്റർ, കോടനാട്, ഭൂതത്താൻകെട്ട്, ഏഴാറ്റുമുഖം, അതിരപ്പിള്ളി തുടങ്ങിയ ടൂറിസം സർക്യൂട്ട് നേരത്തെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പക്ഷേ അതിനുവേണ്ട ബഡ്ജറ്ററി സപ്പോർട്ട് കൊടുത്തുകൊണ്ട് അത് ഉടനെ പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, ബഹുമാനപ്പെട്ട ജോസ് തെറ്റയിൽ എന്റെയും ശ്രീ. ബി. ഡി. ദേവസ്സിയുടെയും മേഖലയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏഴാറ്റുമുഖത്ത് അമ്പുകോടി കുപ പെലവഴിച്ച് ഒരു പ്ലക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ മലയാറ്റൂർ, കാലടി ഭാഗങ്ങളെ കേന്ദ്രീകരിച്ച് ഒരു മാസ്റ്റർപ്ലാൻ വേണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് മാസ്റ്റർപ്ലാനിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. മലയാറ്റുമായി ബന്ധപ്പെട്ട് വളരെ യധികം കാര്യങ്ങൾ ഒരു സർക്യൂട്ടാക്കി ഡെവലപ്പ് ചെയ്തെടുക്കുന്നതിനു വേണ്ടിയുള്ള ശ്രമം ടൂറിസം വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ എല്ലാ പിന്തുണയും ഗവൺമെന്റ് നൽകുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, എക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിലെ തൈപറമ്പ് വാഴി, ശിരുവാണി, പാതുക്കടവ്, മീൻവല്ലം എന്നീ നാല് പ്രകൃതിരമണീയമായ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം പാക്കേജിനെക്കുറിച്ച് ഞങ്ങൾ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇത് കാട് കാണാനും പ്രകൃതി കാണാനുമൊക്കെയുള്ള ഏറ്റവും നല്ല സന്ദർഭമാണ്. ഈ പാക്കേജ് നടപ്പാക്കാനുള്ള സഹായം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, ഒരു ജില്ലയിൽ ഏറ്റവും നല്ല സർക്യൂട്ടുകൾക്കാൻ കഴിയുന്ന ശിരുവാണി, അട്ടപ്പാടി, പറമ്പിക്കുളം, തെന്മലയാനതി ഉൾപ്പെടെയുള്ള മനോഹരമായ പ്രദേശങ്ങളാണ് പാലക്കാട് ജില്ലയിലുള്ളത്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച രീതിയിൽ ഒരു സർക്യൂട്ട് ഡെവലപ്പ് ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, ടൂറിസവുമായി ബന്ധപ്പെട്ട് ഏറ്റവും ശ്രദ്ധേയമായ കേന്ദ്രമാണ് ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രമായ തേക്കടി. തേക്കടിയുടെ പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും പുതിയ പദ്ധതികൾ ആലോചിച്ചിട്ടുണ്ടോ? ബഡ്ജറ്റിൽ ഇതു സംബന്ധിച്ച് ഒരു പ്രഖ്യാപനമുണ്ടായിരുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, തേക്കടിയുമായി ബന്ധപ്പെട്ട് കുമളിയിലും തൊട്ടടുത്ത പ്രദേശത്തും വളരെയധികം ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. അവിടെയുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി ഗവൺമെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് വാഴക്കൻ : സർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളൊക്കെ ന്യായവും അന്യായവുമായ കാരണങ്ങളാൽ ഇപ്പോൾ നിലച്ചിരിക്കുകയാണ്. അവിടെ താമസസൗകര്യം ആവശ്യമുള്ള കാര്യമാണ്. അതിന് eco-friendly ആയ പുതിയ മോഡലുകൾ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; തയ്യാറാക്കാൻ പദ്ധതിയുണ്ടോ; പ്രധാനപ്പെട്ട ഏതെങ്കിലും പുതിയ മാസ്റ്റർ പ്ലാനുകളുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഏറ്റവും പ്രധാനപ്പെട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പിൽഗ്രിം സെന്ററുകളായ ശബരിമല, ഗുരുവായൂർ, ചേരമാൻപള്ളി, മലയാറ്റൂർ തുടങ്ങിയ പ്രദേശങ്ങളിലുള്ള പിൽഗ്രിം ടൂറിസത്തെ പ്രൊമോട്ട് ചെയ്യുന്നതിനുവേണ്ടി ഒരു മാസ്റ്റർപ്ലാനുണ്ട്. അതുപോലെ കോട്ടയം കുമരകം തുടങ്ങിയ കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാനുമുണ്ട്. ഇതിന് പ്രത്യേക സംവിധാനം ഒരുക്കുന്നുണ്ടോയെന്നാണ് ചോദിച്ചത്. പ്രൈവറ്റ് ഇൻഡസ്ട്രിയാണ് താമസസൗകര്യങ്ങളും മറ്റും ഒരുക്കുന്നത്. കെ.ടി.ഡി.സി.-യുടെ സംവിധാനം മാത്രമാണ് ഗവൺമെന്റിനുള്ളത്. മറ്റ് സൗകര്യങ്ങൾ ഇന്ന് വളരെ കൂടിവരുന്നുണ്ട്. ഏതാണ്ട് മൂവായിരം ഹോട്ടലുകളും യൂണിറ്റുകളുമുള്ള കേരളത്തിൽ രണ്ടുമൂന്ന് വർഷംകൊണ്ട് അത് ആറായിരമായി വർദ്ധിച്ചുവെന്നുള്ളത് ടൂറിസത്തിന്റെ വളർച്ചയുടെ ഏറ്റവും വലിയ ലക്ഷണമായി കാണുകയാണ്.

മി. സ്പീക്കർ : അടിയന്തര ചോദ്യം നമ്പർ 3.

അടിയന്തര ചോദ്യം

ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കൽ

4 (3) ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഭൂമിയുടെ തൽസ്ഥിതി സംബന്ധിച്ച ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന നടപടി ത്വരിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നേരിട്ടുള്ള സ്ഥലപരിശോധന നടത്താതെ ബി.ടി.ആർ. രേഖയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഒട്ടുമിക്ക സ്ഥലത്തും ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;